**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2023** **06-07-2022 - ൽ മറുപടിയ്ക്ക്**

**കുഴൽപ്പണ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2021 -ൽ നടന്ന നിയമസഭാതെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ലക്ഷ്യമിട്ട് കുഴൽപ്പണം കടത്തിയ കേസിൽ ഒരു പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ ഉന്നത നേതാക്കളുടെ പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2021-ൽ നടന്ന കേരളാ നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച ഭാരതീയ ജനതാ പാർട്ടിയുടെ തിരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിക്കുന്നതിനുവേണ്ടി പാർട്ടിയുടെ സംസ്ഥാന നേതാക്കളുടെ അറിവോടെയും നിർദ്ദേശാനുസരണവും കർണ്ണാടകയിൽ നിന്നും കൊണ്ടുവന്ന് ആലപ്പുഴയിലെ പാർട്ടിയുടെ നേതാക്കൾക്ക് കൈമാറുന്നതിന് കൊണ്ടുപോകുന്നതിനിടയിലാണ് കൊടകരയിൽവെച്ച് പണം കവർച്ച ചെയ്യപ്പെട്ടത് എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട് . |
| (ബി) | പ്രസ്തുത കേസ് സംബന്ധിച്ച് എന്തെല്ലാം അന്വേഷണമാണ് ഇപ്പോൾ നടക്കുന്നതെന്ന് അറിയിക്കാമോ; അന്വേഷണ പുരോഗതി വിശദമാക്കാമോ; | (ബി) | കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ കുറ്റപത്രം ഇരിങ്ങാലക്കട JFCM കോടതി മുമ്പാകെ 23.07.2021-ൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേസിൽ കൂടുതൽ തെളിവ് ശേഖരിച്ച് അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കണ്ടതിനാൽ Further Investigation നടത്തുന്നതിനായി 23.09.2021-ൽ കോടതിയിൽ റിപ്പോർട്ട് നൽകി തുടരന്വേഷണം നടത്തി വരുന്നു. തുടരന്വേഷണത്തിൽ പത്താം പ്രതിയുടെ ഭാര്യയായ ടി കേസിലെ 23-ാം പ്രതി ജിൻഷയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 12 ലക്ഷം രൂപയുടെ മുതലുകൾ കൂടി റിക്കവറി നടത്തിയിട്ടുള്ളതും മറ്റ് പ്രതികളെയും സാക്ഷികളെയും ബന്ധപ്പെടുത്തി ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |
| (സി) | പ്രസ്തുത കേസിൽ ഇതുവരെ ആരെയെല്ലാം ചോദ്യം ചെയ്തിട്ടുണ്ടെന്നും ആർക്കെല്ലാം അന്വേഷണ സംഘം നോട്ടീസ് അയച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (സി) | കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ ഭാരതീയ ജനത പാർട്ടിയുമായി ബന്ധമുള്ള താഴെ പറയുന്നവ 18 പേർക്ക് അന്വേഷണ സംഘം നോട്ടീസ് നല്കിയിട്ടിട്ടുണ്ട് |

| ക്രമ നമ്പർ | പേര് | പാർട്ടിയിൽ വഹിക്കുന്ന പദവി |
|---|---|---|
| 1 | ശ്രീ.അനീഷ് | തൃശ്ശൂർ ജില്ലാ പ്രസിഡന്റ് |
| 2 | ശ്രീ.സുജയ് സേനൻ | തൃശ്ശൂർ ജില്ലാ ട്രഷറർ |

| | | |
|---|---|---|
| 3 | ശ്രീ. കാശിനാഥൻ | മേഖലാ സെക്രട്ടറി |
| 4 | അഡ്വ. ഹരി | തൃശ്ശൂർ ജില്ലാ ജനറൽ സെക്രട്ടറി |
| 5 | അഡ്വ. ഉല്ലാസ് ബാബു | ജനറൽ സെക്രട്ടറി |
| 6 | ശ്രീ. ജി. ഗോപാലകൃഷ്ണ കർത്താ | ആലപ്പുഴ ജില്ലാ ട്രഷറർ |
| 7 | ശ്രീ. എം. ഗണേഷ് | സ്റ്റേറ്റ് കോർഡിനേറ്റിങ് സെക്രട്ടറി |
| 8 | ശ്രീ. ഗിരീശൻ നായർ | സ്റ്റേറ്റ് ഓഫീസ് സെക്രട്ടറി |
| 9 | ശ്രീ. സതീഷ് | തൃശ്ശൂർ ജില്ലാ ഓഫീസ് സെക്രട്ടറി |
| 10 | ശ്രീ. കൃപേഷ് | ഇരിങ്ങാലക്കുട മണ്ഡലം പ്രസിഡന്റ് |
| 11 | ശ്രീ. പത്മകുമാർ | എറണാകുളം മേഖലാ സെക്രട്ടറി |
| 12 | ശ്രീ. പ്രശാന്ത് | പാർട്ടി പ്രവർത്തകൻ |
| 13 | ശ്രീ. ഡിപിൻ | സംസ്ഥാന പ്രസിഡന്റ് ശ്രീ കെ. സുരേന്ദ്രന്റെ പി. എ. |
| 14 | ശ്രീ. ലിബീഷ് | സംസ്ഥാന പ്രസിഡന്റ് ശ്രീ കെ. സുരേന്ദ്രന്റെ ഡ്രൈവർ |
| 15 | ശ്രീ. ബിനീത് | സ്റ്റേറ്റ് ഓഫീസ് ബോയ് |
| 16 | ശ്രീ. കെ. സുരേന്ദ്രൻ | സംസ്ഥാന പ്രസിഡന്റ് |
| 17 | ശ്രീ. ഹരികൃഷ്ണൻ | സംസ്ഥാന പ്രസിഡന്റ് ശ്രീ കെ. സുരേന്ദ്രന്റെ മകൻ |
| 18 | ശ്രീ. എം. എസ്. അനിൽ കുമാർ | പത്തനംതിട്ട ജില്ലാ വൈസ് പ്രസിഡന്റ് |

മേൽ പറഞ്ഞ 18 പേർ കൂടാതെ 7 പേർക്ക് കൂടി അന്വേഷണവുമായി ബന്ധപ്പെട്ട് നോട്ടീസ് നല്കിയിരുന്നു. കൂടാതെ ടി കേസിൽ ഇതുവരെ 280 സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണത്തേയും വിചാരണയേയും ബാധിക്കുമെന്നതിനാൽ ഇവർ ആരൊക്കെയാണെന്ന വിവരം വെളിപ്പെടുത്താൻ നിർവാഹമില്ല.

| | | | |
|---|---|---|---|
| (ഡി) | രാജ്യത്തിന്റെ സാമ്പത്തികനില അസ്ഥിരപ്പെടുത്തുന്ന പ്രസ്തുത കുറ്റകൃത്യത്തിനെതിരെ മെല്ലെപോക്ക് നയമാണ് സ്വീകരിക്കുന്നതെന്ന ആക്ഷേപം | (ഡി) | കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ പോലീസ് ഊർജിതമായ അന്വേഷണം നടത്തി വരുന്നു . കേസിലെ പണത്തിന്റെ ഉറവിടം സംബന്ധിച്ചും കൂടുതൽ അന്വേഷണം നടത്തേണ്ടത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ? | | ആയതിനാൽ 01.06.2021-ന് ഒരു റിപ്പോർട്ടും ഈ കേസിന്റെ കുറ്റപത്രം സമർപ്പിച്ചതിനുശേഷം 02.08.2021-ന് മറ്റൊരു വിശദമായ റിപ്പോർട്ടും കൊച്ചിൻ എൻഫോഴ്സ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ